# Deepika

## 20 August 2018

## Kochi: After Flood , Drinking water shortage



ജില്ലയിൽ പൂർണതോതിൽ

# കുടിവെള്ളവിതരണം രണ്ടു ദിവസത്തിനകം

കൊച്ചി: പെരിയാറിൽനിന്നുള്ള വെള്ളം കുടിവെള്ള വിതരണകേന്ദ്രങ്ങളിൽ കയറിയതിനെതുടർന്ന് നിലച്ചുപോയ പമ്പിംഗ് പുനസ്ഥാപിക്കാൻ വാട്ടർ അഥോറിട്ടിയുടെ തീവ്രശ്രമം. ഇതിനകം വൈദ്യുതിബന്ധം പുനസ്ഥാപിച്ച ആലുവ, ചൊവ്വര പമ്പ് ഹൗസുകളിൽ പമ്പിംഗ് പുനസ്ഥാപിച്ചിട്ടുണ്ട്. ചൊവ്വരയിൽ ഏറെക്കുറെ പൂർണതോതിലായിട്ടുണ്ടെങ്കിലും ആലുവയിൽ പത്തു ശതമാനം മാത്രമേ പമ്പിംഗ് നടക്കുന്നുള്ളൂ. ഇവിടെ വൈദ്യുതിബന്ധം പുനസ്ഥാപിച്ചപ്പോൾ ഇലക്ട്രിക്കൽ സ്പാർക്കുണ്ടായി മെഷീനുകൾക്ക് കേടുപാട് സംഭവിച്ചതാണ് കാരണം. മെഷീനുകളുടെ അറ്റകുറ്റപ്പണികൾ നടക്കുന്നുണ്ട്. ഇന്നു രാവിലെ മുതൽ പകുതിയെങ്കിലും പമ്പിംഗ് തുടങ്ങാനാകുമെന്ന പ്രതീക്ഷയിലാണ് അധികൃതർ. അതേസമയം വെള്ളത്തിൽ കലക്കൽ കുടിയതിനെ തുടർന്ന് നിർത്തിവച്ച മരട് പമ്പ് ഹൗസിലെ കുടിവെള്ള വിതരണം നാളെ പുനരാരംഭിക്കും. രണ്ടു ദിവസത്തിനുള്ളിൽ ജില്ലയിലെ കുടിവെള്ള വിതരണം പൂർണമായും പുനസ്ഥാപിക്കാനാണ് ശ്രമമെന്ന് വാട്ടർ അഥോറിറ്റി സൂപ്രണ്ടിംഗ് എൻജിനിയർ അനിൽകുമാർ പറഞ്ഞു.

ആലുവ ഡിവിഷന്റെ കീഴിൽ വരുന്ന ചെറിയ പമ്പ്ഹൗസുകളൊന്നും ഇന്നലെ പ്രവർത്തിപ്പിക്കാനായില്ല. വെള്ളം ഇറങ്ങിയിട്ടുണ്ടെങ്കിലും വൈദ്യുതി ബന്ധം പുനസ്ഥാപിക്കുന്ന പണികൾ പുരോഗമിക്കുകയാണ്. ചില പമ്പ്ഹൗസുകളിൽ വെള്ളം കയറി യന്ത്രങ്ങൾക്ക് കേടുപാട് സംഭവിച്ചിട്ടുണ്ട്. മാത്രമല്ല, വൈദ്യുതിബന്ധം പുനസ്ഥാപിച്ച ഘട്ടത്തിൽ ഈർപ്പം തങ്ങിനിൽക്കുന്ന ഭാഗങ്ങളിൽ സ്പാർക്കുണ്ടായതും യന്ത്രങ്ങൾക്ക് തകരാർ സംഭവിക്കാൻ ഇടയായി. ഇതൊക്കെ പരിഹരിച്ച ശേഷമേ കുടിവെള്ള വിതരണം പുനരാരംഭിക്കാനാകൂ.

ആലുവയിൽ പമ്പിംഗ് നിർത്തിയതിനെ തുടർന്നു മൂന്ന് ദിവസമായി കൊച്ചി നഗരം കുടിവെള്ള ക്ഷാമത്തിലാണ്. ഇന്ന് പള്ളിമുക്ക്, തമ്മനം ജലസംഭരണികളിലേക്ക് വെള്ളം വിതരണം ചെയ്യുമെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. പക്ഷെ പകുതിമാത്രം വെള്ളമേ എത്തിക്കാനാവൂ. ആലുവയിൽ പൂർണതോതിൽ പമ്പിംഗ് നടന്നാലേ കൊച്ചിക്ക് ആവശ്യമായ വെള്ളം വിതരണം ചെയ്യാനാകൂ.

ചൊവ്വര പമ്പ്ഹൗസിൽ പമ്പിംഗ് പുനരാരംഭിച്ചെങ്കിലും കുടിവെള്ള വിതരണം പൂർണതോതിൽ ആയിട്ടില്ല. പറവൂർ, നെടുമ്പാശേരി, കാലടി മേഖലകളിലേക്കാണ് ഇവിടെ നിന്ന് കുടിവെള്ളം വിതരണം ചെയ്യുന്നത്. പറവൂരിലെ ജലസംഭരണി വെള്ളത്തിൽ മുങ്ങിക്കിടക്കുകയാണ്. മൂഴിയിൽ കുടിവെള്ള വിതരണ യൂണിറ്റിൽ വൈദ്യുതി കണക്ഷൻ പുനസ്ഥാപിക്കാനാകാത്തതിനാൽ പറക്കടവ്, ചെങ്ങമനാട്, നെടുമ്പാശേരി മേഖലകളിലേക്ക് വെള്ളം വിതരണം ചെയ്യാനായില്ല. നെടുമ്പാശേരി വിമാനത്താവളത്തിലും കുടിവെള്ളം മുടങ്ങിയ അവസ്ഥയാണ്. ശ്രീമൂലനഗരം, കാഞ്ഞൂർ മേഖലകളിലേക്കു മാത്രമാണ് ഇപ്പോൾ വെള്ളം നൽകുന്നത്.

വെള്ളം കയറിയില്ലെങ്കിലും മുൻകരുതലെന്നവണ്ണം അടച്ചിട്ട മരട് കുടിവെള്ള ശുദ്ധീകരണ കേന്ദ്രത്തിൽ നാളെ മുതൽ പമ്പിംഗ് പുനരാരംഭിക്കും. വെള്ളം എടുക്കുന്ന മൂവാറ്റുപുഴയാറിൽ കലക്കൽ കൂടിയതോടെയാണ് ഇവിടെ പമ്പിംഗ് നിർത്തിയത്. പമ്പിലേക്കുള്ള വഴികളിൽ വെള്ളം നിറഞ്ഞു കിടക്കുന്നതിനാൽ വൈദ്യുതി ബന്ധം പുനസ്ഥാപിക്കാൻ കഴിഞ്ഞിട്ടുമില്ല. ജില്ല പ്രളയ ദുരിതത്തിലായിരുന്നപ്പോഴും പമ്പിംഗ് നടത്തിയിരുന്ന ഏക പമ്പ് ഹൗസായിരുന്നു മരടിലേത്.

ചെറിയ പമ്പ് ഹൗസുകളായ പാണംകുഴി, നിലീശ്വരം, കാലടി, കൂവപ്പടി, ഒക്കൽ, വല്ലം, മാറമ്പിള്ളി, പുത്തൻവേലിക്കര, പാറക്കടവ്, മലയാറ്റൂർ യൂണിറ്റുകളിൽ വൈദ്യുതിബന്ധം പുനസ്ഥാപിക്കുന്ന പണികൾ നടക്കുകയാണ്. കീഴ്മാട്, ചൂണ്ടി പമ്പ്ഹൗസുകളിൽ നിന്ന് ചെറിയ തോതിൽ പമ്പിംഗ് ആരംഭിച്ചു. ഇവിടെയൊക്കെ കുടിവെള്ള വിതരണം സാധാരണ നിലയിലാകാൻ രണ്ടു ദിവസമമെടുക്കും.